"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ് ഡോ. സന്തോഷ് കുമാർ -ന് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അനുവദിച്ചിരുന്ന അന്യത്രസേവനം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.810/2025/H&FWD തീയതി,തിരുവനന്തപുരം, 20-03-2025

---

പരാമർശം:- 1 സ.ഉ.(സാധാ)നം.533/2024/ആ.കു.വ. തീയതി 22.02.2024.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.02.2025 ലെ ഇബി2-2740/2025/ആ.വ.ഡ നമ്പർ നിരാക്ഷേപ പത്രം.

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 25.02.2025 - ലെ എഫ്5/189/2024/മെ.വി.വ. നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) ശിപാർശ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (2) നിരാക്ഷേപ പത്രം എന്നിവ പരിഗണിച്ച്, ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൽട്ടന്റ് ഡോ. സന്തോഷ് കുമാർ - ന് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അനുവദിച്ചിരുന്ന അന്യത്ര സേവനം 01.03.2025 മുതൽ ഒരു വർഷത്തേയ്ക്കോ, ടി തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും, കെ.എസ്.ആർ ഭാഗം-1, ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. അനുവദിച്ചിട്ടുള്ള അന്യത്രസേവനകാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക്, (അന്യത്രസേവനം ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കാത്തപക്ഷം) ടിയാനെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU O

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്.

ഡോ. സന്തോഷ് കുമാർ, ജൂനിയർ കൺസൽട്ടന്റ്, നാദാപുരം താലൂക്ക് ആശുപത്രി, കോഴിക്കോട് (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Royi J

Date: 20-03-2025 12:52:25

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് നം.ഇബി2-2740/2025, ആവഡ, തിയതി:21/03/2025</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 25-03-2025 07:01:19
ആരോഗ്യവകുപ്പ് ഡയറക്ടർ